**വികസിപ്പിച്ചെഴുതാം**

പ്രേമതപസ്സ് – പ്രേമം നേടുവാനുള്ള തപസ്സ്
ആദിത്യനേത്രം – ആദിത്യന്റെ കണ്ണ്
സഹ്യപുത്രി – സഹ്യന്റെ മകൾ

**പകരം പദം**

ആദിത്യനേത്രം – സൂര്യനേത്രം
ചോല – അരുവി

**ഉത്തരം കണ്ടെത്തുക**

1. *ഈ കവിതയുടെ ആദ്യഭാഗത്ത് കവി അവതരിപ്പിക്കുന്ന മലയാള ഭാഷയിലെ പ്രശസ്തരായ എഴുത്തുകാർ ആരെല്ലാമാണ്? അവരിൽ ഏതെങ്കിലുമൊരാളുടെ സംഭാവനയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.*

   ചെറുശ്ശേരി, തുഞ്ചത്ത് എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, കുമാരനാശൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, വള്ളത്തോൾ നാരായണ മേനോൻ, ഇടപ്പള്ളി രാഘവൻപിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള, വൈലോപ്പിള്ളി ശ്രീധരമേനോൻ, ഇടശ്ശേരി ഗോവിന്ദൻ നായർ, എം. ഗോവിന്ദൻ, കേശവദേവ്, അയ്യപ്പപ്പണിക്കർ.

   ഉപന്യാസം കുട്ടികൾ തയ്യാറാക്കട്ടെ.

2. *മലയാളം നമുക്കു തന്ന നന്മകൾ എന്തെല്ലാമാണ്?*

   ഇഷ്ടാനിഷ്ടങ്ങൾ പറയുവാനും കരയുവാനും പൊരുതുവാനും അണിചേരുവാനും നന്മകൾ ഉപദേശിച്ചുതന്നു മലയാളം. അച്ഛന്റെയും അമ്മയുടെയും പ്രണയം കൈമാറിയത് മലയാളത്തിന്റെ മധുരമൊഴിയിലൂടെയാണ്. പട്ടിണിയും അടിമത്തവും ജന്മിത്വവും നാടുവാഴിത്തവും ഉച്ചനീചത്വവും നടമാടിനിന്നിരുന്ന നാട്ടിൽ അതിനെതിരേ സംഘടിക്കാനും പ്രതികരിക്കാനും വാക്കു തന്നത് ഈ മലയാളമാണ്. കൂലി പോരെന്നു പറയുവാൻ വാക്കു തന്നത് മലയാളമാണ്, പെങ്ങളോടു കഥകളും നേരമ്പോക്കുകളും പറഞ്ഞ് ചിരിച്ചുവളരാൻ വാക്കുതന്നത് മലയാളമാണ്. കുടുംബബന്ധങ്ങൾക്ക് ഈടുപകർന്ന മലയാളം. ഉപ്പേത്, കർപ്പൂരമേത് എന്നിങ്ങനെ തിരിച്ചറിവുകൾ പകർന്നുതന്നു മലയാളം.

3. *മലയാളഭാഷ ഇപ്പോൾ അനുഭവിക്കുന്ന അവഗണനയിൽ മനംനൊന്ത് ധാരാളം സാഹിത്യസൃഷ്ടികൾ മലയാളത്തിൽ പുറത്തിറങ്ങിയിട്ടുണ്ട്. മലയാളത്തെ ചവിട്ടിത്താഴ്ത്തുന്നതിനെതിരേ പ്രതികരിക്കുവാൻ ഒരു വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും എന്ന വിഷയത്തിൽ ഒരു ചർച്ച സംഘടിപ്പിക്കുക.*

   *മാതൃക: മലയാളത്തിൽ ഒപ്പിടുക*

   അമ്മയെപ്പോലെയാണ് നമുക്കു നമ്മുടെ മലയാളം. നാം ആദ്യമായി

അമ്മേ എന്നു മൊഴിഞ്ഞത് ഈ ഭാഷയിലാണ്. വിശന്നപ്പോൾ അമ്മിഞ്ഞപ്പാലിനായി കരഞ്ഞത് ഈ ഭാഷയിലാണ്. ആ ഭാഷയെ നാം ഇന്ന് അവഗണിക്കുന്നു.

മലയാളം പഠിക്കേണ്ടതും പ്രചരിപ്പിക്കേണ്ടതും മലയാളിയുടെ ആവശ്യമാണ്. നമ്മൾ എത്രമാത്രം വളർന്നാലും കേരളീയരാണ്. നമ്മുടെ ഭാഷ മലയാളമാണ്. മറ്റു ഭാഷകൾ പഠിക്കേണ്ടത് ആവശ്യമാണെങ്കിലും നമ്മുടെ മാതൃഭാഷയാണ് സ്വന്തം ഭാഷ. മാതൃഭാഷയെ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും നമുക്ക് പ്രതിജ്ഞയെടുക്കാം.

തമിഴർ ചെയ്യുന്നതുപോലെ നമുക്ക് നമ്മുടെ പേര് മലയാളത്തിൽ എഴുതാം. മലയാളത്തിൽ ഒപ്പിടാം. മലയാളമാസത്തിന്റെ പേരുകൾ പഠിക്കാം. കുഞ്ഞുങ്ങളെക്കൊണ്ട് അച്ഛനെന്നും അമ്മയെന്നും വിളിപ്പിക്കാൻ ശീലിപ്പിക്കാം. സ്ഥാപനങ്ങളുടെ പേരും സ്ഥലവും മലയാളത്തിൽ എഴുതാം. സ്ഥലപേരുകൾ മലയാളത്തിൽ ഉച്ചരിക്കാം. കുട്ടികളെ മലയാളം പഠിപ്പിക്കാം.

~~ആശയഭംഗി വ്യക്തമാക്കുക~~ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

അച്ഛനും അമ്മയും പ്രണയിച്ച
ഭാഷ മലയാളം
കുമ്പിളിൽ കഞ്ഞി, വിശപ്പാറ്റാൻ
വാക്കു തന്ന മലയാളം
പെങ്ങളോടെല്ലാം പറഞ്ഞു തളിർക്കാൻ
വന്ന മലയാളം